بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ

**ജുമുഅഃ ഖുത്വ്ബ**

**സംഗ്രഹം**

**11-07-2025**

# മക്കാവിജയം:
# നബിതിരുമേനി(സ) പരിശുദ്ധ മക്കയിൽ

സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അൽ ഖാമിസ് (അയ്യദഹുല്ലാഹ്..) യു.കെ യിലെ മസ്ജിദ് മുബാറക്കിൽ വച്ച് നിർവഹിച്ചത്

اَشۡھَدُ اَنۡ لَّاۤ اِلٰہَ اِلَّا اللّٰہُ وَحۡدَہٗ لَا شَرِیۡکَ لَہٗ وَاَشۡھَدُ اَنَّ مُحَمَّدًا عَبۡدُہٗ وَرَسُوۡلُہٗ

اَمَّا بَعۡدُ فَاَعُوۡذُ بِاللّٰہِ مِنَ الشَّیۡطٰنِ الرَّجِیۡمِ- بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ-

اَلۡحَمۡدُ لِلّٰہِ رَبِّ الۡعٰلَمِیۡنَ ○ الرَّحۡمٰنِ الرَّحِیۡمِ ○ مٰلِکِ یَوۡمِ الدِّیۡنِ ○ اِیَّاکَ نَعۡبُدُ وَاِیَّاکَ نَسۡتَعِیۡنُ ○

اِھۡدِنَا الصِّرَاطَ الۡمُسۡتَقِیۡمَ ○ صِرَاطَ الَّذِیۡنَ اَنۡعَمۡتَ عَلَیۡھِمۡ ۬ۙ غَیۡرِ الۡمَغۡضُوۡبِ عَلَیۡھِمۡ وَلَا الضَّآلِّیۡنَ ○

തശഹ്ഹുദ്, തഅവ്വുദ്, സൂറത്തുൽ ഫാത്തിഹ എന്നിവ പാരായണം ചെയ്ത ശേഷം ഹുസൂർ അൻവർ (അയ്യദഹുല്ലാഹു തആലാ ബി നസ്റി ഹിൽ അസീസ്) പ്രസ്താവിച്ചു:

കഴിഞ്ഞ ഖുത്ബയിൽ സൂചിപ്പിച്ചതുപോലെ കഅ്ബയുടെ താക്കോൽ ഉസ്മാൻ ബിൻ ത്വൽഹയുടെ കൈവശമായിരുന്നു. മക്കാവിജയം നടന്നപ്പോൾ അന്ന് ഹദ്റത്ത് അലി (റ) ജലം നല്കുന്നതിന്റെ (സിഖായ) ബഹുമതിയോടൊപ്പം താക്കോൽ സൂക്ഷിപ്പുകാരന്റെ ബഹുമതിയും ലഭിക്കാൻ നബിതിരുമേനി(സ)യോട് അപേക്ഷിച്ചു. അതായത് താക്കോൽ തനിക്ക് നല്കാൻ അഭ്യർഥിച്ചു. എന്നാൽ, റസൂലുല്ലാഹ്(സ) കഅ്ബയിൽ നിന്ന് പുറത്തുവന്നപ്പോൾ ഉസ്മാൻ ബിൻ ത്വൽഹയെ വിളിച്ച് താക്കോൽ തിരിച്ചേൽപ്പിച്ചു കൊണ്ട് പറഞ്ഞു:

*അൽ യൗമു യൗമു ബിർറിൻ വ വഫാഇൻ*

ഇന്ന് നന്മയുടെയും വാഗ്ദാനം പൂർത്തീകരണത്തിന്റെയും ദിനമാണ്. അപ്പോൾ ഉസ്മാൻ ബിൻ ത്വൽഹ മുസ്‌ലിമായി കഴിഞ്ഞിരുന്നു. ഇങ്ങനെ പറഞ്ഞതിനു കാരണം എന്തായിരുന്നു എന്നതിന്റെ വിശദീകരണം ഇപ്രകാരമാണ്: നബിതിരുമേനി (സ) ഹിജ്റത്തിന് മുമ്പ് ഒരുതവണ ഉസ്മാൻ ബിൻ ത്വൽഹയോട് കഅ്ബയുടെ താക്കോൽ ആവശ്യപ്പെട്ടിരുന്നു. അപ്പോൾ അദ്ദേഹം നബിതിരുമേനി (സ)യെ ശകാരിക്കുകയും കയർത്തു സംസാരിക്കുകയും ചെയ്തു. നബിതിരുമേനി (സ) അന്ന് വളരെയധികം ക്ഷമകൈക്കൊണ്ടു. എന്നിട്ട് പറഞ്ഞു: ഓ ഉസ്മാൻ, ഓർമ വച്ചോളു, ഈ താക്കോൽ എന്നെങ്കിലും എന്റെ കയ്യിലെത്തും. അപ്പോൾ ഞാൻ ഏനിക്ക് ഇഷ്ടമുള്ളവർക്ക് അത് നല്കും. തദവസരത്തിൽ ഉസ്മാൻ ഇപ്രകാരം മറുപടി നല്കി: അങ്ങനെ ഒരു സമയം വന്നാൽ അത് ഖുറൈശികളുടെ നാശത്തിന്റെയും നിന്ദ്യതയുടെയും സമയമായിരിക്കും. അപ്പോൾ നബിതിരുമേനി (സ) പറഞ്ഞു: അങ്ങനെയല്ല, മറിച്ച് അന്ന് ഖുറൈശികളുടെ സമൃദ്ധിയുടെയും ബഹുമാനാദരങ്ങളുടെയും സമയമായിരിക്കും.

നബിതങ്ങൾക്ക് തന്നോട് ചെയ്ത അതിക്രമങ്ങളെല്ലാം അന്ന് ഓർമ്മയുണ്ടായിരുന്നു. എന്നിരുന്നാലും ആ മഹാത്മാവ് അവരോട് കാരുണ്യവും ദയയും കാണിച്ചു. എന്നിട്ട് പറഞ്ഞു: ഓ ഉസ്മാൻ, ഈ താക്കോൽ എന്നെന്നേക്കുമായി എടുത്തുകൊള്ളുക. താങ്കളിൽ നിന്ന് ഒരു അക്രമി മാത്രമേ ഇത് പിടിച്ചെടുക്കുകയുള്ളൂ. ഇനിയിത് താങ്കളുടെ കുടുംബത്തിൽ തന്നെയുണ്ടാകും. അങ്ങനെ ഇന്നുവരെ കഅ്ബയുടെ താക്കോൽ ആ കുടുംബത്തിൽ തലമുറകളായി കൈമാറി വരുന്നു.

നിവേദനമുണ്ട്: മക്കാവിജയത്തിന്റെ രണ്ടാം ദിവസം ബനു ഖുസാഅഃ, ബനു ഹുസൈലിൽപ്പെട്ട ഒരു മുശ്‌രിക്കിനെ (ബഹുദൈവാരാധകനെ) കൊന്നു. അപ്പോൾ റസൂലുല്ലാഹി (സ) ളുഹ്ർ നമസ്കാര ശേഷം ഖുത്ബ നല്കാനായി അവിടേക്ക് എഴു

ന്നള്ളി. അല്ലാഹുവിനെ സ്തുതിച്ച ശേഷം ഇപ്രകാരം ഉണർത്തി: അല്ലയോ ജനങ്ങളേ, അല്ലാഹു തആലാ ആകാശങ്ങളെയും ഭൂമിയെയും സൃഷ്ടിച്ച ദിവസം മുതൽ, സൂര്യനെയും ചന്ദ്രനെയും സൃഷ്ടിച്ച ദിവസം മുതൽ, സഫാ, മർവാ എന്നീ ഇരുപർവതങ്ങളെ സ്ഥാപിച്ച ദിവസം മുതൽ മക്കയെ ഹറം (പുണ്യസ്ഥലം) ആക്കിയിരിക്കുന്നു. ആളുകളല്ല ഇതിനെ ഹറം ആക്കിയത്. ഇത് അന്ത്യനാൾ വരെ ഹറം തന്നെയാണ്. അതിനാൽ, അല്ലാഹുവിലും അന്ത്യനാളിലും വിശ്വസിക്കുന്നവന് ഇവിടെ രക്തം ചിന്തുന്നതും ഇവിടെയുള്ള മരങ്ങൾ മുറിക്കുന്നതും അനുവദനീയമല്ല. ഇത് എനിക്ക് മുമ്പുള്ള ആർക്കും അനുവദനീയമായിരുന്നില്ല. എന്റെ ശേഷമുള്ള ആർക്കുംഅനുവദനീയമായിരിക്കുകയുമില്ല.എനിക്ക് ഇത് ഒരു സമയത്തേക്കു മാത്രം അനുവദനീയമായി. പിന്നീട് ഇതിന്റെ പവിത്രത ഇന്നലെയുണ്ടായിരുന്നത് പോലെ തന്നെ തിരികെ വന്നിരിക്കുന്നു. നിങ്ങളിൽ ഇവിടെ ഹാജരുള്ളവർ അല്ലാത്തവർക്ക് ഈ സന്ദേശം എത്തിച്ചുകൊടുക്കട്ടെ. റസൂലുല്ലാഹ്(സ) ഇവിടെ യുദ്ധം ചെയ്തു എന്ന് ആരെങ്കിലും പറഞ്ഞാൽ അവരോട് പറയുക: അല്ലാഹു ഇത് തന്റെ റസൂലിന് അനുവദനീയമാക്കിയിരുന്നു. നിങ്ങൾക്കത് അനുവദനീയമാക്കിയിട്ടില്ല. അല്ലയോ ജനങ്ങളേ, അല്ലാഹുവിന്റെ കാര്യത്തിൽ ജനങ്ങളിൽ ഏറ്റവും ധാർഷ്ട്യം കാണിക്കുന്നവൻ ഹറമിൽ വെച്ച് കൊലപാതകം നടത്തുകയോ അല്ലെങ്കിൽ തന്റെ കൊലപാതകിയല്ലാത്ത മറ്റൊരാളെ കൊല്ലുകയോ അല്ലെങ്കിൽ അജ്ഞാന കാലത്തെ രക്തത്തിന് പകരം വീട്ടാനായി കൊലപാതകം നടത്തുകയോ ചെയ്യുന്ന വ്യക്തിയാണ്. ഓ ബനു ഖുസാഅഃ, കൊലപാതകത്തിൽ നിന്ന് നിങ്ങളുടെ കൈകൾ പിൻവലിക്കുക. നിങ്ങൾ ഒരു വ്യക്തിയെ കൊന്നിരിക്കുന്നു. ഞാൻ അതിന്റെ നഷ്ടപരിഹാരം നല്കുന്നതാണ്. എന്റെ ജാമ്യത്തിന് ശേഷം ആരെങ്കിലും ഒരാളെ കൊന്നാൽ അവന്റെ ബന്ധുക്കൾക്ക് രണ്ടിലൊന്ന് ചെയ്യാം. ഒന്നുകിൽ ദിയത്ത് (blood money) വാങ്ങാം അല്ലെങ്കിൽ കൊലപാതകിയെ വധിക്കാം. പിന്നീട് നബിതിരുമേനി(സ) ബനു ഖുസാഅഃ കൊന്ന ആ വ്യക്തിയുടെ ദിയത്ത് നൂറ് ഒട്ടകങ്ങൾ നല്കി. അവരുടെ ഭാഗത്തുനിന്ന് നബിതങ്ങൾ ദിയത്ത് നല്കി.

അതേ ദിവസങ്ങളിലാണ് ഫുദാല ബിൻ ഉമൈറിന്റെ നബിതിരുമേനി(സ)യെ വധിക്കാനുള്ള ഗൂഢപദ്ധതിയും വെളിപ്പെട്ടത്. അദ്ദേഹം പറയുന്നു: നബിതിരുമേനി(സ) കഅ്ബയെ ത്വവാഫ് ചെയ്തു കൊണ്ടിരുന്നപ്പോൾ ഞാനും ആൾക്കൂട്ടത്തിൽ ചേർന്നു. നബിതിരുമേനി(സ)യുടെ അടുത്തെത്തുമ്പോൾ എന്റെ കഠാരകൊണ്ട് രഹസ്യമായി ആക്രമിച്ച് നബിതിരുമേനി (സ)യെ (നഊദുബില്ലാഹ്) വധിക്കാം എന്ന ഉദ്ദേശ്യത്തോടെ ഞാൻ ആ മഹാത്മാവിനെ പിന്തുടർന്നു. അദ്ദേഹം അടുത്തെത്തിയപ്പോൾ, ആ മഹാത്മാവ് അദ്ദേഹത്തെ നോക്കിയിട്ട് ആരാഞ്ഞു: നീ ഫുദാലയാണോ? അദ്ദേഹം പറഞ്ഞു: അതെ. ആ മഹാത്മാവ് ചോദിച്ചു: മനസ്സിൽ എന്താണ് ചിന്തിക്കുന്നത്? അദ്ദേഹം പറഞ്ഞു: ഞാൻ അല്ലാഹുവിനെ സ്മരിക്കുകയാണ്. അദ്ദേഹം കള്ളം പറയുകയായിരുന്നു. അപ്പോൾ ആ മഹാത്മാവ് പുഞ്ചിരിച്ചുകൊണ്ട് പറഞ്ഞു: അല്ലാഹുവിനോട് പാപമോചനം തേടുക. ആ മഹാത്മാവ് പറഞ്ഞു: നീ പറഞ്ഞതല്ല ചെയ്യുന്നത്. നബിതിരുമേനി (സ) അദ്ദേഹത്തിന്റെ അടുത്തേക്ക് വന്ന് അദ്ദേഹത്തിന്റെ നെഞ്ചത്ത് കൈവച്ചു. ഫുദാല(റ) പറയുന്നു: അല്ലാഹുവാണ!, നബിതിരുമേനി (സ) എന്റെ നെഞ്ചിൽ നിന്ന് കൈ മാറ്റുന്നതിന് മുമ്പ് തന്നെ ലോകത്ത് എനിക്ക് ഏറ്റവും പ്രിയങ്കരം മുഹമ്മദ് (സ) ആയി മാറിയിരുന്നു. അദ്ദേഹം തന്റെ വീട്ടിലേക്ക് തിരികെ പോയി. അദ്ദേഹത്തിൽ വിപ്ളവാത്മകമായ മാറ്റമുണ്ടായി.

അതേ ദിവസങ്ങളിലാണ് ഹദ്റത്ത് അബൂബക്കർ (റ)വിന്റെ പിതാവിന്റെ ഇസ്ലാംമത പരിവർത്തനത്തെക്കുറിച്ചും പരാമർശമുള്ളത്. ഹദ്റത്ത് ഉമ്മു ഹാനിയുടെ വീട്ടിൽ നബിതങ്ങൾ ഭക്ഷണം കഴിച്ചതിനെക്കുറിച്ചും ഒരു പരാമർശമുണ്ട്. ഹദ്റത്ത് ഇബ്നു അബ്ബാസ് (റ) വിൽ നിന്ന് നിവേദനം: നബിതിരുമേനി(സ) മക്കാവിജയ ദിവസം ഹദ്റത്ത് ഉമ്മു ഹാനി (റ) യോട് ചോദിച്ചു: നമുക്ക് കഴിക്കാൻ എന്തെങ്കിലും ഭക്ഷണം നിങ്ങളുടെ പക്കലുണ്ടോ? അവർ പറഞ്ഞു: ഉണങ്ങിയ റൊട്ടി കഷണങ്ങളല്ലാതെ മറ്റൊന്നുമില്ല, താങ്കളുടെ മുന്നിൽ അത് സമർപ്പിക്കാൻ എനിക്ക് ലജ്ജ തോന്നുന്നു. നബിതിരുമേനി(സ) പറഞ്ഞു: അത് തന്നെ കൊണ്ടുവരുക. നബിതങ്ങൾ അവ വെള്ളത്തിൽ കുതിർത്തു. അവർ അല്പം ഉപ്പും കൊണ്ടുവന്നു. നബിതങ്ങൾ ചോദിച്ചു: എന്തെങ്കിലും കറിയുണ്ടോ? അവർ പറഞ്ഞു: യാ റസൂലല്ലാഹ്, എന്റെ പക്കൽ വിനാഗിരിയല്ലാതെ മറ്റൊന്നുമില്ല. നബിതങ്ങൾ പറഞ്ഞു: വിനാഗിരി കൊണ്ടുവരുക. നബിതിരുമേനി (സ) അത് ഭക്ഷണത്തിൽ ഒഴിക്കുകയും അതിൽ നിന്ന് കഴിക്കുകയും അല്ലാഹുവിന് നന്ദി പറയുകയും ചെയ്തു. പിന്നീട് നബിതങ്ങൾ പറഞ്ഞു: വിനാഗിരി എത്ര നല്ല കറിയാണ്! ഓ ഉമ്മു ഹാനി, വിനാഗിരിയുള്ള വീട് ദരിദ്രമായിരിക്കില്ല. ഇത് അങ്ങേയറ്റത്തെ നന്ദി പ്രകടനമാണ്. ഒപ്പം ഉമ്മു ഹാനിയെ സമാധാനിപ്പിക്കുകയും ചെയ്തു. മക്കാവിജയിയുടെ

അവസ്ഥയായിരുന്നു ഇത്. എല്ലാം ലഭ്യമായിരുന്നിട്ടും, നബിതങ്ങൾ ആ ഉണങ്ങിയ റൊട്ടി കഷണങ്ങളിൽ സംതൃപ്തനായി.
നബിതങ്ങൾ മക്കയിലെത്തിയതും അവിടെയുള്ള എല്ലാ കാര്യങ്ങളെയും, പ്രത്യേകിച്ച് കഅ്ബയെ സ്നേഹത്തോടെ നോക്കിയതും അൻസാറുകളുടെ മനസ്സിൽ നബിതങ്ങൾ അവിടെത്തന്നെ സ്ഥിരതാമസമാക്കുമോ എന്ന ഭയാശങ്കകൾ ഉളവാക്കി. ഹദ്റത്ത് അബൂ ഹുറൈറ (റ) പറയുന്നു: അൻസാറുകളുടെ ഈ അവസ്ഥയിൽ, നബിതിരുമേനി (സ)യ്ക്കുമേൽ വഹ്‌യ് (ദിവ്യബോധനം) ഇറങ്ങി. വഹ്‌യ് അവസാനിച്ചപ്പോൾ, നബിതിരുമേനി (സ) പറഞ്ഞു: ഓ അൻസാറുകളുടെ സംഘമേ! ഈ വ്യക്തിക്ക് സ്വദേശസ്നേഹം മേൽക്കൈ നേടിയിരിക്കുന്നു എന്ന് നിങ്ങൾ ചിന്തിക്കുകയായിരുന്നോ? അവർ പറഞ്ഞു: അതെ. നബിതിരുമേനി പറഞ്ഞു: അങ്ങനെയാണെങ്കിൽ എന്റെ പേരെന്തായിരിക്കും? ഞാൻ മുഹമ്മദാണ്, അല്ലാഹുവിന്റെ ദാസനും അവന്റെ റസൂലുമാണ്. ഞാൻ അല്ലാഹുവിന് വേണ്ടി നിങ്ങളിലേക്ക് ഹിജ്റത്ത് ചെയ്തു. ഇനി എന്റെ ജീവിതമരണങ്ങൾ നിങ്ങളുടെ കൂടെയാണ്. അപ്പോൾ അവർക്ക് അനിയന്ത്രിതരായി കരഞ്ഞുകൊണ്ട് നബിതങ്ങളുടെ അടുത്തേക്ക് നീങ്ങി. എന്നിട്ട് പറഞ്ഞു: അല്ലാഹുവാണ! ഞങ്ങൾ എന്തൊക്കെ പറഞ്ഞോ അതെല്ലാം അല്ലാഹുവിനോടും അവന്റെ റസൂലിനോടുമുള്ള കഠിനമായ സ്നേഹവും താങ്കളിൽ നിന്നുള്ള വേർപാടിനെക്കുറിച്ചുള്ള ഭയവും കാരണമായിരുന്നു. റസൂലുല്ലാഹ് (സ) പറഞ്ഞു: തീർച്ചയായും അല്ലാഹുവും അവന്റെ റസൂലും നിങ്ങളുടെ ഈ വാക്ക് സത്യപ്പെടുത്തുകയും നിങ്ങളുടെ ഒഴികഴിവ് സ്വീകരിക്കുകയും ചെയ്യുന്നു.
ളുഹ്ർ നമസ്കാര സമയമായപ്പോൾ, നബിതിരുമേനി(സ) ഹദ്റത്ത് ബിലാലിനോട് കൽപ്പിച്ച പ്രകാരം അദ്ദേഹം കഅ്ബയുടെ മുകളിൽ കയറി ബാങ്ക് വിളിച്ചു. നബിതിരുമേനി (സ) അന്ന് എല്ലാ നമസ്കാരങ്ങളും ഒരേയൊരു വുളുകൊണ്ട് നിർവഹിച്ചുവെന്ന് നിവേദനമുണ്ട്. ഹദ്റത്ത് ഉമർ (റ) പറഞ്ഞു: യാ റസൂലല്ലാഹ്, താങ്കൾ ഇന്ന് പതിവില്ലാത്ത ഒരു കാര്യം ചെയ്തിരിക്കുന്നു. റസൂലുല്ലാഹ്(സ) പറഞ്ഞു: അല്ലയോ ഉമർ, ഞാൻ അങ്ങനെ മനഃപൂർവം ചെയ്തതാണ്. നബിതിരുമേനി (സ) ആവശ്യമുള്ളപ്പോൾ ഇങ്ങനെ ചെയ്യുന്നതിനുള്ള സൗകര്യത്തിനായി ഈ മാതൃക കാണിച്ചുതന്നുവെന്നാണ് പണ്ഡിതന്മാർ ഇതിൽ നിന്ന് അനുമാനിക്കുന്നത്.
ഈ സമയത്ത് നബിതങ്ങൾ പൊതു ബൈഅത്ത് (അനുസരണ പ്രതിജ്ഞ) സ്വീകരിക്കുകയുണ്ടായി. ചെറുപ്പക്കാരും മുതിർന്നവരും പുരുഷന്മാരും സ്ത്രീകളും നബിതങ്ങളുടെ അടുത്ത് വന്നു. നബിതങ്ങൾ അവരിൽ നിന്ന് അല്ലാഹുവിലുള്ള വിശ്വാസത്തിന്റെയും അല്ലാഹു അല്ലാതെ മറ്റൊരു ആരാധ്യനില്ലെന്നും മുഹമ്മദ് (സ) അവന്റെ ദാസനും റസൂലുമാണെന്നുമുള്ള സാക്ഷ്യത്തിന്റെയുംമേൽ ബൈഅത്ത് സ്വീകരിച്ചു. പുരുഷന്മാരിൽ നിന്നുള്ള ബൈഅത്ത് കഴിഞ്ഞപ്പോൾ, നബിതിരുമേനി (സ) സ്ത്രീകളിൽ നിന്ന് ബൈഅത്ത് എടുത്തു. ഈ സ്ത്രീകളിൽ അബൂ സുഫ്‌യാന്റെ ഭാര്യ ഹിന്ദ് (റ)വും ഉണ്ടായിരുന്നു.
വധശിക്ഷ വിധിക്കപ്പെട്ട കുറ്റവാളികളെക്കുറിച്ച് രേഖപ്പെട്ടിട്ടുണ്ട്. വിശദാംശങ്ങൾ ഞാൻ പറയാം. ഇത് സംബന്ധിച്ച് ചിലർ ആശങ്കകൾ വച്ചുപുലർത്തുന്നുണ്ട്. സംഭവങ്ങളും അതുതന്നെയാണ് കാണിക്കുന്നത്. കാരണം വധശിക്ഷയെക്കുറിച്ച് പറഞ്ഞിരിക്കുന്ന കാരണങ്ങൾ നബിതിരുമേനി (സ)യുടെ പ്രവർത്തനങ്ങൾക്കും സ്വഭാവത്തിനും കടകവിരുദ്ധമാണ്. ഈ വിഷയത്തിൽ ഹദ്റത്ത് മുസ്‌ലിഹ് മൗഊദ് (റ) തന്റെ അഭിപ്രായം ഇപ്രകാരം രേഖപ്പെടുത്തിയിരിക്കുന്നു: കൊടും ക്രൂരമായ കൊലപാതകങ്ങളും കുഴപ്പങ്ങളും ചെയ്ത പതിനൊന്ന് പുരുഷന്മാരും നാല് സ്ത്രീകളും മാത്രമാണ് തെളിയിക്കപ്പെട്ട കുറ്റവാളികളായി ഉണ്ടായിരുന്നത്. അവർ യുദ്ധക്കുറ്റവാളികളായിരുന്നു. അവരെ കൊല്ലണമെന്ന് റസൂലുല്ലാഹ്(സ) കൽപ്പിച്ചിരുന്നു. കാരണം കേവലം സത്യനിഷേധിക്കുകയോ എതിർക്കുകയോ ചെയ്തതായിരുന്നില്ല അരുടെ കുറ്റം. മറിച്ച് അവർ യുദ്ധക്കുറ്റവാളികളായിരുന്നു. എന്നാൽ മുസ്‌ലീങ്ങളുടെ ശിപാർശ പ്രകാരം നബിതങ്ങൾ അവരിൽ മിക്കവരെയും വെറുതെവിട്ടു.
ഇതുസംബന്ധിച്ച വിശദാംശങ്ങളും ആക്ഷേപങ്ങൾക്കുള്ള മറുപടികളും അവതരിപ്പിച്ച ശേഷം ഹുസൂർ തിരുമനസ്സ് പറഞ്ഞു: ഇസ്‌ലാമിന്റെ എതിരാളികളുടെ നേതാക്കളായിരുന്ന ചില ഖുറൈശി പ്രമുഖർ നബിതിരുമേനി (സ)യുടെ വരവിനെക്കുറിച്ച് കേട്ട് മക്കയിൽ നിന്ന് ഓടിപ്പോയി എന്നതിൽ സംശയമില്ല. എന്നാൽ കൊലപാതകത്തിന്റെ ഉത്തരവ് നല്കിയത് കാരണമാണ് അവർ ഓടിപ്പോയത് എന്നത് ഇബ്നു ഇസ്ഹാഖിന്റെ വെറും ഊഹമാണ്. ചുരുക്കത്തിൽ, മക്കാവിജയ സമയത്ത് ഏതാനും ചിലരെ മാത്രം കൊല്ലാൻ തീരുമാനിച്ചിരുന്നു. അവർ ആരൊക്കെയായിരുന്നു എന്ന് നീതിമാനും വിധികർത്താവുമായ ഹദ്റത്ത് മസീഹ് മൗഊദ് (അ) പറഞ്ഞിട്ടുണ്ട്: തീർച്ചയായും, ശിക്ഷ നല്

കാൻ ദൈവത്തിൽ നിന്ന് വ്യക്തമായ കൽപ്പന ലഭിച്ച ഏതാനും പേർക്ക് മാത്രമാണ് ശിക്ഷ നല്കപ്പെട്ടത്. അതായത്, അവർ മൂന്നോ നാലോ പേരായിരുന്നു. ആ ആജന്മശപ്തരൊഴികെ എല്ലാ ശത്രുക്കളുടെയും പാതകങ്ങൾ ക്ഷമിക്കപ്പെട്ടു. ഇതാണ് അതിന്റെ യാഥാർഥ്യം. അതുകൊണ്ട്, ഇത്രയും ആളുകളെ കൊലപ്പെടുത്തി എന്ന് പറയുന്നത്, അവർ അധിക്ഷേപകരായിരുന്നു അല്ലെങ്കിൽ പ്രവാചകനിന്ദക്കാരായിരുന്നു എന്ന് പറയുന്നത്, ഇതെല്ലാം തെറ്റായ കാര്യങ്ങളാണ്. ബാക്കി ഇൻ ശാ അല്ലാഹ് പിന്നീട് വിവരിക്കാം.

ലോകത്തിന്റെ നിലവിലെ അവസ്ഥ നിങ്ങൾക്ക് വ്യക്തമാണല്ലോ, അതിനായി പ്രാർഥിച്ചുകൊണ്ടിരിക്കുക. ഇതിനുമുമ്പ് ഞാൻ പലതവണ പറഞ്ഞിട്ടുണ്ട്. പറഞ്ഞുകൊണ്ടിരിക്കുന്നുമുണ്ട്. അടിയന്തര സാഹചര്യങ്ങൾക്കായി ഞാൻ ഓർമിപ്പിച്ചുകൊണ്ടിരിക്കുന്നു. മുമ്പും പലതവണ പറഞ്ഞിട്ടുണ്ട്. അടിയന്തര സാഹചര്യങ്ങൾക്കായി ജനങ്ങൾ കുറച്ച് മാസത്തേക്കുള്ള റേഷൻ വീടുകളിൽ സൂക്ഷിക്കണം. അതിന് കഴിവുള്ളവർ അങ്ങനെ ചെയ്യണം. ഇപ്പോൾ ചില സർക്കാരുകളും തങ്ങളുടെ ആളുകളോട് മൂന്ന് മാസത്തെ റേഷൻ സൂക്ഷിക്കാൻ പറഞ്ഞിട്ടുണ്ട്. എന്തായാലും അല്ലാഹു ലോകത്തിന് കാരുണ്യം ചൊരിയുകയും യുദ്ധത്തിന്റെ ഭയാനകമായ അവസ്ഥകളിൽ നിന്ന് രക്ഷിക്കുകയും ചെയ്യുമാറാകട്ടെ.

ഖുത്ബയുടെ അവസാനഭാഗത്ത് ഹുസൂർ തിരുമനസ്സ് ആദ്യം അമത്തുൻ നസീം നിഗ്ഹത് സാഹിബയെ അനുസ്മരിച്ചു. രാജാ അബ്ദുൽ മാലിക് സാഹിബിന്റെ ഭാര്യയാണ്. ഹദ്റത്ത് മിർസാ ശരീഫ് അഹ്മദ് സാഹിബ് (റ) വിന്റെ പേരക്കുട്ടിയായിരുന്നു. ഹദ്റത്ത് നവാബ് അമത്തുൽ ഹഫീള് ബീഗം സാഹിബ (റ)യുടെ മകളുടെ മകളായിരുന്നു. കേണൽ മിർസാ ദാവൂദ് അഹ്മദ് സാഹിബിന്റെ മകളായിരുന്നു.

രണ്ടാമതായി ഹാജി യഅ്ഖൂബ് അഹ്മദ് ബിൻ അബൂബക്കർ സാഹിബിനെ അനുസ്മരിച്ചു. ഇദ്ദേഹം അഹ്മദിയ്യ സീനിയർ ഹൈസ്കൂളിലെ മുൻ ഹെഡ് മാസ്റ്ററാണ്. കൂടാതെ ഘാനയിലെ നാഷണൽ സെക്രട്ടറി തബ്ലീഗ് ആയിരുന്നു. ഇരുവരുടെയും മഗ്ഫിറത്തിനും മർഹമത്തിനും വേണ്ടി ഹുസൂർ ദുആ ചെയ്യുകയും നമസ്കാരശേഷം അവരുടെ ജനാസ നമസ്കരിപ്പിക്കുന്നതാണ് എന്ന് വിളംബരപ്പെടുത്തുകയും ചെയ്തു.

اَلْحَمْدُ لِلّٰهِ نَحْمَدُهٗ وَ نَسْتَعِيْنُهٗ وَ نَسْتَغْفِرُهٗ وَنُؤْمِنُ
بِهٖ وَ نَتَوَكَّلُ عَلَيْهِ وَ نَعُوْذُ بِاللّٰهِ مِنْ شُرُوْرِ اَنْفُسِنَا وَ
مِنْ سَيِّئَاتِ اَعْمَالِنَا مَنْ يَّهْدِهِ اللّٰهُ فَلَا مُضِلَّ لَهٗ وَمَنْ
يُضْلِلْهُ فَلَا هَادِىَ لَهٗ ـ وَنَشْهَدُ اَنْ لَّآ اِلٰهَ اِلَّا اللّٰهُ وَنَشْهَدُ اَنَّ
مُحَمَّدًا عَبْدُهٗ وَ رَسُوْلُهٗ ـ عِبَادَ اللّٰهِ رَحِمَكُمُ اللّٰهُ اِنَّ اللّٰهَ يَاْمُرُ
بِالْعَدْلِ وَ الْاِحْسَانِ وَ اِيْتَاءِ ذِى الْقُرْبٰى وَ يَنْهٰى عَنِ الْفَحْشَاءِ
وَ الْمُنْكَرِ وَ الْبَغْىِ يَعِظُكُمْ لَعَلَّكُمْ تَذَكَّرُوْنَ اُذْكُرُوا اللّٰهَ
يَذْكُرْكُمْ وَادْعُوْهُ يَسْتَجِبْ لَكُمْ وَلَذِكْرُ اللّٰهِ اَكْبَرُ ـ

**FRIDAY SERMON SUMMARY** DELIVERED BY**HADRAT KHALIFATUL MASIH V(ATBA)**
AT MASJID MUBARAK UK ON 11.07.2025
MALAYALAM TRANSLATION BY P.K. AMNAS
FOR MALAYALAM DESK, QADIAN
PUBLISHED BY NAZARAT NASHR-O-ISHAAT,
SADR ANJUMAN AHMADIYYA QADIAN 143516